**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3632 — 14.03.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

# ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് യൂണിഫോം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് യൂണിഫോം നിഷ്കർഷിച്ചിട്ടുണ്ട്; | (എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലേയും ചിലവിഭാഗം ജീവനക്കാർക്ക് യൂണിഫോം നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) പ്രതിവർഷം എത്ര മീറ്റർ തുണി, ഈ ആവശ്യത്തിനായി സർക്കാർ ചെലവിൽ വാങ്ങുന്നുണ്ട്; | (ബി) യൂണിഫോം വാങ്ങുന്നതിന് ജീവനക്കാർക്ക് അലവൻസ് നൽകുന്നതിനാൽ ഇതിനാവശ്യമായ തുണി സർക്കാർ വാങ്ങി നൽകുന്നില്ല. |
| (സി) എത്ര ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ട്; പ്രതിവർഷം എത്ര സെറ്റ് യൂണിഫോം അലവൻസിനുള്ള തുകയാണ് നൽകുന്നത്; | (സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 30 ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകുന്നു. പേ-റിവിഷൻ ഓർഡർ പ്രകാരമുള്ള തുകയാണ് ഓരോ ജീവനക്കാർക്കും നൽകുന്നത് . |
| (ഡി) മേശവിരി, കിടക്കവിരി മുതലായ ആവശ്യങ്ങൾക്ക് വേണ്ടി എത്ര മീറ്റർ തുണി വാങ്ങുന്നുണ്ട്; | (ഡി) ആശുപത്രി തലത്തിലാണ് മേശവിരി, കിടക്കവിരി എന്നിവ വാങ്ങുന്നത്. എത്ര മീറ്റർ തുണി വാങ്ങുന്നത് എന്നത് അതാത് ആശുപത്രിയെ ആശ്രയിച്ചിരിക്കും. |
| (ഇ) സർക്കാർ ചെലവിൽ വാങ്ങുന്ന ഇത്തരം തുണിത്തരങ്ങൾ സർക്കാർ ഉടമസ്ഥതയിലുള്ള മില്ലുകളിൽ നിന്നോ ഖാദി/കൈത്തറി സ്ഥാപനങ്ങളിൽ നിന്നോ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) 30.08.2016 ലെ സാ.ഉ (സാ.ധ)നം.44/2016/എസ്.പി.ഡി പ്രകാരം ഹാന്റക്സ്/ഹാൻവീവ് എന്നിവിടങ്ങളിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് തുണിതരങ്ങൾ വാങ്ങുന്നതിനുള്ള അനുമതി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |

Bidu

സെക്ഷൻ ഓഫീസർ